## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2844** **03-08-2021 - ൽ മറുപടിയ്ക്ക്**

## സി-ആപ്റ്റിലെ അനധികൃത സ്ഥാനക്കയറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പ്രിൻറിംഗ് മേഖലയിൽ ഉന്നത ടെക്നിക്കൽ വിദ്യാഭ്യാസയോഗ്യത ആവശ്യമായ തസ്തികകളിൽ യോഗ്യതയില്ലാത്തവരെ പ്രൊമോട്ട് ചെയ്യുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; എല്ലാ തസ്തികകൾക്കും ഇത് ബാധകമാണോ; | (എ) | സി-ആപ്റ്റിൽ നിലവിൽ പ്രമോഷൻ പോളിസി/ സ്റ്റാഫ് പാറ്റേൺ/സ്പെഷ്യൽ റൂൾസ് എന്നിവ നടപ്പിലാക്കിയിട്ടി ല്ലാത്തതിനാൽ ഒരു വിഭാഗത്തിലുള്ള ജീവനക്കാർക്കും ഇപ്പോൾ പ്രമോഷൻ നൽകുന്നില്ല. 2002 ജനുവരി 3-ാം തീയതി ചേർന്ന സെന്ററിന്റെ 24-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരം സി-ആപ്റ്റിലെ ജീവന ക്കാരുടെ പ്രൊമോഷൻ മരവിപ്പിച്ചിരി ക്കുകയാണ്. എന്നാൽ, കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു ജീവനക്കാരന് പ്രൊമോഷൻ നൽകിയ തൊഴികെ മറ്റാർക്കും തന്നെ ഇക്കാലയളവിൽ പ്രൊമോഷൻ നൽകിയിട്ടില്ല. |
| (ബി) | സി-ആപ്റ്റിന്റെ എല്ലാ ജില്ലാ ഓഫീസുകളിലും ഓഫീസർ-ഇൻ-ചാർജ്ജ് എന്ന തസ്തികയിൽ സ്ഥിരം ഓഫീസർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കാമോ; | (ബി) | സി-ആപ്റ്റിൽ സ്റ്റാഫ് പാറ്റേൺ/ പ്രൊമോഷൻ പോളിസി/സ്പെഷ്യൽ റൂൾസ് എന്നിവ നടപ്പിലാക്കുന്ന മുറയ്ക്ക് അതിൽ പരാമർശിച്ചിട്ടുള്ള പ്രകാരമുള്ള നിയമനങ്ങൾ നടത്തുന്നതാണ്. |
| (സി) | സ്വന്തമായി ഒരു കെട്ടിടം ഇല്ലാത്തതിനാൽ അടച്ചുപൂട്ടൽ ഭീഷണിയിലായ കോട്ടയം സബ്സെന്ററിന് സ്വന്തമായി കെട്ടിടം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സി-ആപ്റ്റിന്റെ കോട്ടയം ഉപകേന്ദ്രം നിലവിൽ പൊതുവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള പാലാ ടെക്സ്റ്റ് ബുക്ക് ഡിപ്പോ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. കോട്ടയം ഉപകേന്ദ്രത്തിനായി സർക്കാർ അധീനതയിലുള്ള കെട്ടിടങ്ങൾ ലഭ്യമാക്കുന്നതിനുള്ള ശ്രമം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ